**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **12-06-2024 - ൽ മറുപടിയ്ക്ക്**

**നീരൊഴുക്ക് ഉറപ്പാക്കൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ എത്ര ഓടകൾ, കാനകൾ, തോട്ടുകൾ എന്നിവയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തോടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിലാണ് ഉൾപ്പെടുന്നത്. അവയുടെ പരിപാലനം ജലസേചന വകുപ്പും നടപ്പിലാക്കി വരുന്നു. കാനകൾ/ഓടകൾ എന്നിവ പി.ഡബ്ല്യൂ.ഡി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളുടെ കീഴിലാണ്. |
| (ബി) | മഴക്കാലത്തിനു മുൻപായി മേല്പറഞ്ഞവ വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കൻ ഈ വർഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; ഏതു സമയത്താണ് ഈ പ്രവൃത്തികൾ നടപ്പാക്കിയത്; ഇതിനായി എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ജില്ലാ തിരിച്ചു വ്യക്തമാക്കുമോ? | (ബി) | മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം തോടുകൾ വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനായി 25 ലക്ഷം രൂപ വീതം ഓരോ ജില്ലയിലെയും ബന്ധപ്പെട്ട ഡിവിഷൻ കാര്യാലയത്തിന് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. തുകകൾ ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. SDMA ഫണ്ട് മുഖേനയുള്ള പ്രവൃത്തികളും, ഓപ്പറേഷൻ വാഹിനി, ഓപ്പറേഷൻ ബ്രേക്ക് ത്രൂ തുടങ്ങിയ പ്രവൃത്തികളും തോടുകൾ വൃത്തിയാക്കി നീരൊഴുക്ക് ഉറപ്പാക്കാൻ വേണ്ടി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ